(ബി) കേരളത്തിൽ വയനാട്, ജില്ലയിൽ സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടം പദ്ധതിക്കുവേണ്ടി 9.6 കോടി രൂപ വയനാട് ജില്ലയിൽ ചെലവഴിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിന് ജീവനക്കാരെ തെരഞ്ഞെടുത്ത് കഴിഞ്ഞു. ഇതിനായി 61.24 കോടി രൂപയുടെ പ്രോജക്ടിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. പദ്ധതി നിർവ്വഹണ ഏജൻസിയായ ഇടുക്കി ജില്ലാ സഹകരണ ബാങ്കിന് 3.2 കോടി രൂപ പ്രാഥമികമായി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിന് 62.08 കോടി രൂപയുടെ പ്രോജക്ട് എൻ.സി.ഡി.സി.-യുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഐ.സി.എം. കണ്ണൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മൂലധന പര്യാപ്തത കൈവരിക്കാൻ നടപടി

73 (7909) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ക്യാപ്പിറ്റൽ സപ്പോർട്ട് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്കും ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ 2015 മാർച്ച് 31-ന് മുൻപ് ഏഴര ശതമാനം മൂലധന പര്യാപ്തത കൈവരിക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശം പാലിക്കുന്നതിന് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് സാധിക്കുമെന്ന് കരുതുന്നുണ്ടോ ;

(സി) നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കിന്റെയും പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത എത്ര ശതമാനം വീതമാണ്;

(ഡി) നിലവിലെ മൂലധന പര്യാപ്തത നേടുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിരുന്നതെന്നും സർക്കാർ നൽകിയ സഹായം ഏതെല്ലാം സാമ്പത്തിക വർഷങ്ങളിലായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ഇ) 2013-14 സാമ്പത്തിക വർഷം അനുവദിച്ച് ഉത്തരവിറക്കിയ 199.50 കോടി രൂപയുടെ മൂലധന സഹായം നാളിതുവരെ കൊടുത്തു തീർക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) 2015 മാർച്ച് 31-ന് മുമ്പ് ഏഴ് ശതമാനം മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി ബാങ്കിന്റെ കടിശ്ശിക പരമാവധി ഈടാക്കി NPA കുറച്ച് ലാഭക്ഷമത കൈവരിക്കുക, അംഗസംഘങ്ങളിൽനിന്നും അധിക ഓഹരി മൂലധനം സമാഹരിക്കുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അംഗങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എടുക്കുന്ന വായ്പയുടെ ഓഹരി അനുപാതം 2% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. മൂലധനം സ്വരൂപിക്കുന്നതോടൊപ്പം മൂലധന പര്യാപ്തത നേടുന്നതിന് ആർ.ബി.ഐ.-യുടെ സർക്കുലർ നിർദ്ദേശപ്രകാരം Long Term Subordinate Deposit Scheme, Innovative Perpetual Debt Instrument വിതരണം ചെയ്ത് രജിസ്ട്രാറുടെ അനുമതിയോടുകൂടി Tier 1, Tier 2 മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും നിക്ഷേപം നടത്തുകയോ വായ്പ എടുക്കുകയോ ചെയ്യുന്ന വ്യക്തികളിൽ നിന്ന് നോമിനൽ ഓഹരിയായും അധിക മൂലധനം സ്വരൂപിച്ചും മൂലധന പര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(സി) നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കിന്റെയും പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത താൽക്കാലിക ബാക്കിപത്ര പ്രകാരം ചുവടെ ചേർക്കും പ്രകാരമാണ്.

നമ്പർ	ബാങ്കിന്റെ പേര്	31-3-2014-ലെ മൂലധന പര്യാപ്തത (ശതമാനത്തിൽ)
(1)	(2)	(3)
1	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്	4.21
2	ജില്ലാ സഹകരണ ബാങ്ക്, തിരുവനന്തപുരം	4.60
3	ജില്ലാ സഹകരണ ബാങ്ക്, കൊല്ലം	5.50
4	ജില്ലാ സഹകരണ ബാങ്ക്, ആലപ്പുഴ	6.47
5	ജില്ലാ സഹകരണ ബാങ്ക്, പത്തനംതിട്ട	4.76
6	ജില്ലാ സഹകരണ ബാങ്ക്, കോട്ടയം	5.50
7	ജില്ലാ സഹകരണ ബാങ്ക്, ഇടുക്കി	7.62
8	ജില്ലാ സഹകരണ ബാങ്ക്, എറണാകുളം	7.05
9	ജില്ലാ സഹകരണ ബാങ്ക്, തൃശ്ശൂർ	5.36

(1)	(2)	(3)
10	ജില്ലാ സഹകരണ ബാങ്ക്, പാലക്കാട്	5.20
11	ജില്ലാ സഹകരണ ബാങ്ക്, മലപ്പുറം	7.40
12	ജില്ലാ സഹകരണ ബാങ്ക്, കോഴിക്കോട്	9.02
13	ജില്ലാ സഹകരണ ബാങ്ക്, വയനാട്	5.63
14	ജില്ലാ സഹകരണ ബാങ്ക്, കണ്ണൂർ	5.77
15	ജില്ലാ സഹകരണ ബാങ്ക്, കാസർഗോഡ്	5.07

(ഡി) മൂലധന പര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന് 2010-11 വർഷങ്ങളിൽ 150 കോടി രൂപയുടെയും 2011-12-ൽ 136 കോടി രൂപയുടെയും ഓഹരി മൂലധനം സർക്കാരിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ട്. 2012-13 വർഷം, കോട്ടയം ജില്ലാ സഹകരണ ബാങ്കിന് 11 കോടി രൂപയും ഈയിനത്തിൽ നൽകിയിട്ടുണ്ട്.

(ഇ) 2013-14 സാമ്പത്തിക വർഷം അനുവദിച്ച് ഉത്തരവായ 199.50 കോടി രൂപ നൽകിയിട്ടില്ല. അനുവദിച്ച തുകയ്ക്ക് തുല്യമായ തുക സംസ്ഥാന ട്രഷറിയിൽ പ്രത്യേക സഹകരണ ബാങ്ക് നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതു കാരണമാണ് തുക അനുവദിക്കാൻ കഴിയാത്തത്.

ഈസി ലോൺ സ്കീം

74 (7910) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയയുടെ പിടിയിൽനിന്നും സംസ്ഥാനത്തെ രക്ഷിക്കുവാൻ സഹകരണ ബാങ്കുകൾ വഴി "ഈസി ലോൺ സ്കീം" ഏർപ്പെടുത്തുവാൻ നടപടികൾ ഉണ്ടാകുമോ ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിച്ച് സാലറി സർട്ടിഫിക്കറ്റിന്റെയും മറ്റും അടിസ്ഥാനത്തിൽ അപേക്ഷിക്കുന്ന ദിവസംതന്നെ മൂന്ന് ലക്ഷം രൂപാ വരെ വായ്പ നൽകാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ സഹകരണ ബാങ്കുകൾക്ക് നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly